റേഷൻ കടകൾവഴി വിതരണം ചെയ്യുന്ന മണ്ണെണ്ണ

299 [1198] *ശ്രീ. മാങ്കോട് രാധാകൃഷ്ണൻ*: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും ഉപഭോക്തൃകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളത്തിന് കേന്ദ്രം അനുവദിച്ചിട്ടുള്ള ഗാർഹിക ആവശ്യത്തിനുള്ള മണ്ണെണ്ണയുടെ പ്രതിമായ വിഹിതം എത്രയാണെന്നും, ഓരോ മാസവും ലഭിക്കുന്ന മണ്ണെണ്ണയുടെ അളവ് എത്രയാണെന്നും വ്യക്തമാക്കാമോ;

(ബി) പൊതുവിതരണ സമ്പ്രദായമനുസരിച്ച് റേഷൻ കടകൾവഴി ഗാർഹിക ഉപഭോക്താക്കൾക്ക് പ്രതിമാസം വിതരണം ചെയ്യുന്ന മണ്ണെണ്ണയുടെ അളവ് എത്രയാണെന്നും നിശ്ചയിച്ചിട്ടുള്ള വില എത്രയാണെന്നും വ്യക്തമാക്കുമോ;

(സി) ഗാർഹിക ഉപഭോക്താക്കൾക്ക് ആവശ്യാനുസരണം മണ്ണെണ്ണ ലഭിക്കുന്നില്ലായെന്ന പരാതി സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ ഇത് പരിഹരിക്കുന്നതിന് എന്തു നടപടി സ്വീകരിക്കുമെന്ന് അറിയിക്കാമോ;

(ഡി) പൊതുവിപണിയിൽ വിൽക്കുന്ന മണ്ണെണ്ണയ്ക്ക് പരമാവധി ചില്ലറ വിൽപ്പനവില നിശ്ചയിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ എത്ര;

(ഇ) അമിതവില ഈടാക്കുന്നതായ പരാതികൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(എഫ്) കൂടുതൽ വില ഈടാക്കുന്നതായ പരാതികളുടെമേൽ എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ; വിശദാംശം വെളിപ്പെടുത്താമോ?

ഉത്തരം

(എ) 2005 ജൂലൈയ് മുതൽ സെപ്റ്റംബർ വരെയുള്ള മൂന്നുമാസത്തെ് വിതരണത്തിനിനായി കേന്ദ്രം, സംസ്ഥാനത്തിന് 54077 മെ. ടൺ (69489 കി.ലി.) മണ്ണെണ്ണ അനുവദിച്ചിട്ടുണ്ട്. ഇതിൽ 23172 കി.ലി. മണ്ണെണ്ണ ജൂലൈയ് മാസത്തേക്ക് അനുവദിച്ചിട്ടുണ്ട്.

(ബി) വിളക്ക് കത്തിക്കുന്നതിനായി വൈദ്യുതീകരിച്ച വീടുള്ള റേഷൻ കാർഡുടമകൾക്ക് 2 ലിറ്ററും, വൈദ്യുതീകരിക്കാത്ത വീടുള്ള റേഷൻ കാർഡുടമകൾക്ക് 5 ലിറ്ററും മണ്ണെണ്ണ പ്രതിമാസം വിതരണം ചെയ്യുന്നു. പാചകാവശ്യത്തിനായി പ്രതിമാസം 6 ലിറ്റർവീതം പെർമിറ്റ് അനുവദിച്ചിട്ടുണ്ടെങ്കിലും അലോട്ട്മെന്റിന്റെ കുറവുമൂലം 3 ലിറ്റർവീതം പ്രതിമാസം വിതരണം ചെയ്യുന്നു. ഗാർഹികാവശ്യത്തിനുള്ള മണ്ണെണ്ണയുടെ വില ലിറ്ററിന് ദൂരപരിധിയനുസരിച്ച് 9.20 മുതൽ 9.50 രൂപവരെയാണ്.

(സി) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. കേന്ദ്രത്തിൽനിന്ന് സംസ്ഥാനത്തിന് ലഭിക്കുന്ന മണ്ണെണ്ണവിഹിതം, സംസ്ഥാനത്തിന്റെ ആവശ്യകതയെക്കാൾ കുറവായതിനാൽ കൂടുതൽ മണ്ണെണ്ണ അനുവദിക്കണമെന്ന് കേന്ദ്ര സർക്കാരിനോട് ആവശ്യപ്പെട്ടിട്ടുണ്ട്.

(ഡി) പൊതുവിപണിയിൽ ഇപ്പോൾ മണ്ണെണ്ണ (വെള്ള മണ്ണെണ്ണ) വിൽപ്പനയില്ല. എന്നാൽ പൊതുമേഖലാ ഓയിൽ കമ്പനികൾ അവരുടെ തെരഞ്ഞെടുത്ത ചില റീട്ടെയിൽ ഔട്ട്ലെറ്റുകൾ വഴി വ്യാവസായികാവശ്യത്തിന് വെള്ള മണ്ണെണ്ണ വിതരണം ചെയ്തുവരുന്നുണ്ട്.

(ഇ) ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(എഫ്) ഉദിക്കുന്നില്ല.

LIBRARY ARCHIVES Kerala Legislative Assembly